സെററുകളും 1,32,000 ടെലിവിഷൻ സെററുകളും ആ ആണ്ടിൽ അവിടെ ഉണ്ടായിരുന്നു.

മലയാളഭാഷയിൽ സൗജന്യവിദ്യാഭ്യാസം നൽകുന്ന പ്രൈമറി സ്കൂളുകളിൽ 16,193 വിദ്യാർത്ഥികളും അഞ്ചു് മലയാ സെക്കണ്ടറി സ്കൂളുകളിൽ 1543 വിദ്യാർത്ഥികളും 25 പ്രിപ്പറേട്ടറി (ഇംഗ്ലീഷ്) സ്കൂളുകളിൽ 8139 വിദ്യാർത്ഥികളും ഏഴ് ഇംഗ്ലീഷ് സെക്കണ്ടറി സ്കൂളുകളിൽ 7824 വിദ്യാർത്ഥികളും 1977–ൽ അവിടെ പഠിച്ചിരുന്നു. ആ ആണ്ടിൽ രണ്ടു് ട്രെയ്നിങ് സ്കൂളുകളിൽ 527 അദ്ധ്യാപകർക്ക പരിശീലനം നൽകിയിരുന്നു. 274 വിദ്യാർത്ഥികൾ സാങ്കേതികപരിശീലനം നേടിയിരുന്നു. ഇക്കഴിഞ്ഞ അഞ്ചു വർഷങ്ങൾക്കിടയിൽ ഈ രംഗങ്ങളിൽ ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ടാവണം.

മുഖ്യ ഭക്ഷ്യധാന്യമായ അരി അടക്കം ഭക്ഷ്യവിഭവങ്ങളിൽ എൺപതു ശതമാനവും ഇറക്കുമതി ചെയ്യുകയാണു്. ജപ്പാൻ, സിംഗപ്പൂർ, അമേരിക്ക, ബ്രിട്ടൻ, എന്നീ രാജ്യങ്ങളാണു് ബ്രൂണൈയ്ക്കു് ആവശ്യമുള്ള സാധനങ്ങളെല്ലാം എത്തിച്ചു കൊടുക്കുന്നതു് (വെറുതെയല്ല; വിലയ്ക്കു്).

ഭൂമിശാസ്ത്രപ്രകാരവും ചരിത്രപ്രകാരവും ബ്രൂണൈ മലയാ ഫെഡറേഷനിലെ അംഗമാകേണ്ടതാണു്. പക്ഷേ, മതാധിഷ്ഠിതമായ ഏകാധിപത്യത്തിന കീഴിൽ അവികസിത ജനങ്ങളുടെ ഒരു രാജ്യമായി ഈ പ്രദേശത്തെ നിലനിർത്തേണ്ടതു് സാമ്രാജ്യശക്തികളുടെ ആവശ്യമാണു്. കാരണം, ബ്രൂണൈയിൽ കരയിലും കരയ്ക്കടുത്തു കടലിലുമുള്ള എണ്ണയും ഗ്യാസുംതന്നെ! സ്വാതന്ത്ര്യം ബ്രൂണൈ ഷെൽ പെട്രോളിയം കമ്പനിയുടെ ജന്മാവകാശമാണു്! അതു സുൽത്താൻ സംരക്ഷിക്കുമെന്നാണു് പ്രതീക്ഷ.

(3 ജനുവരി, 1984)

# 25. ചേരിചേരാ രാഷ്ട്രസമ്മേളനം

1985 മാർച്ചു് മാസത്തിൽ ഡൽഹിയിൽ ചേരുന്ന ചേരിചേരാ രാഷ്ട്രങ്ങളുടെ സമ്മേളനം, അത്യധികം പ്രാധാന്യമുള്ള ലോകസംഭവമാണു്. തൊണ്ണൂറേഴ രാഷ്ട്രങ്ങൾ ഈ സമ്മേളനത്തിൽ പൂർണാംഗങ്ങളെന്ന നിലയിൽ പങ്കെടുക്കുന്നു. ഇവയിൽ അമ്പത്തിരണ്ടു രാഷ്ട്രങ്ങൾ (പാലസ്റ്റീൻ വിമോചന സംഘടന, ദക്ഷിണ–പശ്ചിമ–ആഫ്രിക്കൻ ജനകീയ കോൺഗ്രസ് എന്നിവയടക്കം)ആഫ്രിക്കയിലുള്ളവയാണു്. ഇരുപത്തൊമ്പതു രാഷ്ട്രങ്ങൾ ഏഷ്യയിലുള്ളവയത്രേ. പതിന്നാലു രാഷ്ട്രങ്ങൾ തെക്കേ അമേരിക്കയിലുള്ളവയും രണ്ടെണ്ണം യൂറോപ്പിലുള്ളവയുമാകുന്നു. ഇവയ്ക്കു പുറമേ, രാഷ്ട്രങ്ങളും അന്താരാഷ്ട്രീയസംഘടനകളും അടക്കം പത്തൊമ്പതു നിരീക്ഷകരും, ഇരുപത്തിനാലു് അതിഥികളും സമ്മേളനത്തിൽ സന്നിഹിതരായിരിക്കും. ഐക്യരാഷ്ട്രസംഘടന നിരീക്ഷകരിലും വത്തിക്കാൻ സ്റ്റേററ്, യുനെസ്കോ, ലോകാരോഗ്യസംഘടന, ഭക്ഷ്യ–കാർഷിക സംഘടന മുതലായവ അതിഥികളിലും പെടുന്നു. നിരീക്ഷകർക്ക പരസ്യവും രഹസ്യവുമായ എല്ലാ സമ്മേളനങ്ങളിലും ചർച്ചകളിലും പങ്കെടുക്കാം; പക്ഷേ, വോട്ടു ചെയ്യാൻ അധികാരം ഇല്ല. അതിഥികൾക്ക പരസ്യസമ്മേളനങ്ങളിൽ പങ്കെടുക്കുകയും അംഗങ്ങൾക്കും നിരീക്ഷകർക്കും ശേഷം പ്രസംഗിക്കുകയും ആവാം. ഐക്യരാഷ്ട്രസമിതിയിൽ ആകെയുള്ള അംഗങ്ങളിൽ മൂന്നിൽ രണ്ടു ഭാഗവും ചേരിചേരാ രാഷ്ട്രസമ്മേളന

ത്തിൽ അംഗങ്ങളാണ്. ഈ വസ്തുതയിൽനിന്നുതന്നെ ചേരിചേരാ രാഷ്ട്രസമ്മേളനത്തിന്റെ പ്രാധാന്യം വ്യക്തമാകുന്നു.

ഡൽഹി സമ്മേളനത്തിൽ എൺപതോളം രാഷ്ട്രത്തലവന്മാരും, നൂറോളം വിദേശമന്ത്രിമാരും, മൂവായിരത്തിലേറെ പ്രതിനിധികളും, ആയിരത്തഞ്ഞൂറോളം വാർത്താലേഖകരും ടെലിവിഷൻ പ്രവർത്തകരും സന്നിഹിതരായിരിക്കും. ഇവർക്കെല്ലാം സമുചിതമായ ആതിഥ്യവും സുരക്ഷയും നൽകുകയെന്ന കനത്ത ഉത്തരവാദിത്തം ഇന്ത്യാഗവണ്മെൻറിന്റെ ചുമലുകളിലാണ്. ആതിഥേയ രാഷ്ട്രമെന്ന നിലയിൽ ഇന്ത്യയ്ക്കാണ് ഈ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കാനുള്ള അവകാശം. ഈയിടെ നടന്ന തെരഞ്ഞെടുപ്പുകളിൽ നേരിട്ട പരാജയംമൂലം മങ്ങലേററ, പ്രഭാപരിവേഷത്തോടെയാണെങ്കിലും, ഇന്ദിരാഗാന്ധി ഈ സമ്മേളനത്തിൽ പ്രശംസാർഹമായ നേതൃത്വശേഷി പ്രദർശിപ്പിക്കുമെന്നു വിശ്വസിക്കാം.

നേതൃത്വശേഷി പരമാവധി പ്രദർശിപ്പിക്കുന്നതിനുള്ള അവസരം ഇന്ദിരാഗാന്ധിക്ക് ഈ സമ്മേളനം നല്കാതിരിക്കുകയില്ല. തങ്ങളുടെ മുമ്പിലുള്ള എല്ലാ പ്രശ്നങ്ങളെ സംബന്ധിച്ചും വ്യത്യസ്തങ്ങളും മിക്കപ്പോഴും വിരുദ്ധങ്ങളുമായ വീക്ഷണങ്ങൾ പുലർത്തുന്നവയാണ് ചേരിചേരാ സമ്മേളനത്തിൽ അംഗങ്ങളായ രാഷ്ട്രങ്ങളും സംഘടനകളും. കമ്പൂച്ചിയയെ പ്രതിനിധാനം ചെയ്ത് സമ്മേളനത്തിൽ ആർ പങ്കെടുക്കണമെന്നതു സംബന്ധിച്ചുതന്നെ കലഹം ആരംഭിക്കാം. അഫ്ഘാനിസ്ഥാനിലെ റഷ്യയുടെ ഇടപെടൽ, ഇന്ത്യാസമുദ്രത്തിൽ അമേരിക്കൻ നാവികസേനയുടെ സാന്നിദ്ധ്യം, അണുയുദ്ധഭീഷണി തുടങ്ങിയ, ആഴത്തിലുള്ള ഭിന്നിപ്പിനു കാരണമാകാവുന്ന, അസംഖ്യം പ്രശ്നങ്ങൾ സമ്മേളനത്തിനു മുമ്പിൽ വേറെയുമുണ്ട്. ചർച്ചകളെല്ലാം തീർന്ന്, സമ്മേളനം സമാപ്തിയിലെത്തുമ്പോൾ, വ്യക്തമായൊരു നിർദേശവും, നിർമാണാത്മകമായ ഒരു കാര്യപരിപാടിയും, ഉരുത്തിരിഞ്ഞില്ലെന്നു വരാനാണ് സാദ്ധ്യത. പല ഗ്രൂപ്പുകളായി ചിതറിത്തകർന്നു പോകാതെ സമ്മേളനം സമാപിച്ചാൽ, അതുതന്നെ നേതൃത്വത്തിന്റെ കഴിവായി പ്രശംസിക്കപ്പെടാതിരിക്കുകയില്ല.

രണ്ടാം മഹായുദ്ധത്തിന്റെ അവസാനത്തിൽ, അമേരിക്കയും റഷ്യയും തമ്മിൽ ഘോരമായ മത്സരം ആരംഭിച്ചതോടെയാണ് ഈ രണ്ടു ചേരികളിലും പെടാത്ത രാഷ്ട്രങ്ങളുടെ ഒരു സംഘടന ആവശ്യമായി വന്നത്. സാമ്രാജ്യങ്ങൾ തകരുകയും കോളനികൾ സ്വാതന്ത്ര്യം നേടുകയും ചെയ്തതോടെ, അന്നോളം അവഗണിക്കപ്പെട്ടു കിടന്നിരുന്ന പല ജനതകളും സാർവലൗകിക രാഷ്ട്രീയ ചക്രവാളത്തിൽ ഉദിച്ചുയർന്നു. വൻശക്തിമത്സരങ്ങളിൽനിന്നു വിട്ടുനിന്ന്, ലഭ്യമായ സഹായം എല്ലായിടത്തുനിന്നും സ്വീകരിച്ച്, ത്വരിതഗതിയിൽ വികസിക്കുകയെന്നതാണ് ഈ നവ സ്വതന്ത്രരാഷ്ട്രങ്ങളുടെ അടിയന്തരാവശ്യം. ജവാഹർലാൽ നെഹ്റുവിന്റെയും, മററു രാജ്യങ്ങളിലെ സമാനരായ ദേശീയ നേതാക്കളുടെയും പിന്തുണ ചേരിചേരാ പ്രസ്ഥാനത്തിനു ലഭിച്ചു. മാർഷൽ ടിറേറാവിന്റെ ക്ഷണം സ്വീകരിച്ച് 1961–ൽ യുഗോസ്ളാവ്യയിലെ ബെൽഗ്രേഡ് നഗരത്തിൽ ചേർന്ന ആദ്യത്തെ ചേരിചേരാ സമ്മേളനത്തിൽ ഇരുപത്തഞ്ചു രാഷ്ട്രങ്ങളെ അംഗങ്ങളായിരുന്നുള്ളു. ചേരിചേരായ്മയെ ഒരു രാഷ്ട്രീയ ദുരാചാരമായാണ് അന്ന് അമേരിക്കൻ വിദേശകാര്യ സെക്രട്ടറിയും ശീതയുദ്ധത്തിന്റെ മഹാപ്രവാചകനുമായ ജോൺഫോസ്റ്റർ ഡള്ളസ് വിശേഷിപ്പിച്ചത്. ലോകത്തിന്റെ ഒരു ഭാഗത്തു കത്തിപ്പിടിച്ച കമ്യൂണിസമാകുന്ന തീ കെടുത്താൻ ഓടിയണയുന്ന അഗ്നിശമനസേനയാണ് അമേരിക്കൻ ചേരിയെന്നും, അഗ്നിശമനസേനയ്ക്കും തീക്കു

മിടയിൽ ചേരിചേരായ്മ ഒരു അസംബന്ധമാണെന്നും ബ്രിട്ടീഷ് പ്രധാനമന്ത്രി വിൻസ്റ്റൻ ചർച്ചിൽ വാദിച്ചു. പക്ഷേ, നെഹ്റു, ടീറോ, നാസർ മുതലായവരുടെ സമർത്ഥമായ നേതൃത്വത്തിൽ ചേരിചേരാ പ്രസ്ഥാനം വളരെ വേഗം വളർന്നു. ചേരിചേരായ്മയെന്നാൽ നിഷ്ക്രിയത്വമോ, ഉദാസീനതയോ അല്ലെന്നും, വൻശക്തികളുടെ നിർബന്ധത്തിനു കീഴടങ്ങാതെ, ഓരോ ലോകപ്രശ്നത്തെയും ശരിയായ പരിപ്രേക്ഷ്യത്തിൽ പരിശോധിച്ച്, ന്യായമായ എല്ലാ നീക്കങ്ങൾക്കും പിന്തുണ നൽകലാണ് അതെന്നും ഈ നേതാക്കൾ വ്യക്തമാക്കി. അന്താരാഷ്ട്രീയ ധാരണയും ലോകസമാധാനവും ശക്തിപ്പെടുത്തുന്നതിൽ ചേരിചേരാ പ്രസ്ഥാനം നിർവഹിച്ചതും നിർവഹിച്ചുപോരുന്നതുമായ പങ്ക് എല്ലാവരും ഇപ്പോൾ അംഗീകരിക്കുന്നുണ്ട്. ലോക പൊതുജനാഭിപ്രായം, ലോകമനസ്സാക്ഷി എന്നെല്ലാം വിളിക്കപ്പെടുന്നതു് ചേരിചേരാ രാഷ്ട്രങ്ങളുടെ പൊതുവായ അഭിപ്രായമല്ലാതെ മറ്റൊന്നുമല്ല എന്ന നിലയും ഇതിനകം വന്നുകഴിഞ്ഞിട്ടുണ്ട്. കൊളോണിയൽ വാഴ്ചയുടെ അവശിഷ്ടങ്ങൾകൂടി തുടച്ചുമാററുന്നതിലും, വർഗവൈരം ഉന്മൂലനം ചെയ്യുന്നതിലും ചേരിചേരാ രാഷ്ട്രങ്ങൾ നിർവഹിക്കുന്ന സേവനം നിസ്സാരമല്ല. വിഭിന്ന പശ്ചാത്തലങ്ങളും വ്യത്യസ്ത സാമൂഹ്യ വീക്ഷണങ്ങളുമുള്ള രാഷ്ട്രങ്ങൾക്കിടയിൽ സമാധാനപരമായ സഹവർത്തിത്വം ഉറപ്പുവരുത്തുകയാണു ചേരിചേരാരാഷ്ട്രങ്ങളുടെ മുഖ്യ ലക്ഷ്യം.

അംഗങ്ങളുടെ വീക്ഷണവൈവിധ്യംമൂലം, ചേരിചേരാ രാഷ്ട്രങ്ങൾക്കിടയിൽ ഐക്യം പുലർത്തുക ദുഷ്കരമായ ഒരു കാര്യമത്രേ. ഉദാഹരണത്തിനു്, കാശ്മീരിനെ ചൊല്ലി മൂന്നു തവണ പരസ്പരം പൊരുതിയ ഇന്ത്യയും പാക്കിസ്ഥാനും ചേരിചേരാസമ്മേളനത്തിൽ അംഗങ്ങളാണ്. പരസ്പരം ആലോചിച്ച് ഒത്തുതീർപ്പിൽ എത്തേണ്ടതാണ് കാശ്മീർ പ്രശ്നമെന്നത്രേ ഇന്ത്യയുടെ നില. നേരെമറിച്ച്, കിട്ടുന്ന എല്ലാ വേദികളിലും കാശ്മീർ പ്രശ്നം കുത്തിപ്പൊന്തിക്കുകയാണ് പാക്കിസ്ഥാൻ ഇതുവരെ ചെയ്തുപോന്നിട്ടുള്ളതു്. അതിനാൽ, ചേരിചേരാ സമ്മേളനത്തിലും പാക്കിസ്ഥാൻ ഈ പ്രശ്നം ഉന്നയിക്കുകയെന്നതു സംഭാവ്യമാണ്. ഇതുപോലെ, പരസ്പരം പൊരുതിക്കൊണ്ടിരുന്ന ഇറാനും ഇറാക്കും ചേരിചേരാസമ്മേളനത്തിൽ അംഗങ്ങളാണ്. തങ്ങൾക്കിടയിലുള്ള വഴക്കുകൾ അവർ ഈ സമ്മേളനത്തിലേക്കും വലിച്ചുകൊണ്ടു വന്നുകൂടായ്കയില്ല. ചേരിചേരാ രാഷ്ട്രത്തിൽത്തന്നെ ക്യൂബപോലെ ചില രാഷ്ട്രങ്ങൾ സോവ്യററ് യൂണിയനെ പ്രകടമായി അനുകൂലിക്കുന്നവയും, പാക്കിസ്ഥാൻപോലെ മററു ചില രാഷ്ട്രങ്ങൾ അമേരിക്കയെ സ്ഥിരമായി പിന്താങ്ങുന്നവയുമാണ്. ഇടുങ്ങിയ പ്രാദേശിക—വർഗ—മത മനഃസ്ഥിതികളും ചേരിചേരാരാഷ്ട്രങ്ങൾക്കിടയിൽ ഭിന്നിപ്പിന്റെ വിത്തുകൾ വിതയ്ക്കുന്നുണ്ട്. ഈ വൈവിധ്യങ്ങൾ എല്ലാം ഉണ്ടായിരുന്നിട്ടും, പൊതുക്കാര്യങ്ങളിൽ ഏറെക്കുറെ സർവസമ്മതമായ ഒരു വീക്ഷണം രൂപവല്ക്കരിക്കാൻ കഴിയുന്നു എന്നതാണു ചേരിചേരാസമ്മേളനത്തിന്റെ വിജയം. വൈവിധ്യങ്ങളെ സമന്വയിക്കുകയും വൈരുധ്യങ്ങളെ അനുരഞ്ജിപ്പിക്കുകയുമെന്ന ജനാധിപത്യത്തിന്റെ അടിസ്ഥാനതത്ത്വമാണു ചേരിചേരാ പ്രസ്ഥാനത്തിനു ജീവനും ഊർജവും ചൈതന്യവും നൽകുന്നതു്. അടിസ്ഥാനതത്ത്വങ്ങളിൽ ഐക്യം മുറുകെ പിടിക്കുകയും, അപ്രധാന വസ്തുതകളെ സഹിഷ്ണുതയോടെ ഉൾക്കൊള്ളുകയുമായിരിക്കണം ഇത്തരമൊരു സംഘടനയുടെ പ്രവർത്തനശൈലി.

ചേരിചേരാ സമ്മേളനത്തിന്റെ ബലമെന്നതുപോലെ ദൗർബലതയും ഈ വസ്തുതയിൽനിന്നു് ഉത്ഭവിക്കുന്നു. എല്ലാ അംഗരാഷ്ട്രങ്ങൾക്കും സ്വീകാര്യവും നിർണായകവുമായ നടപടി ഏതെങ്കിലുമൊരു പ്രശ്നത്തിൽ

കൈക്കൊള്ളാൻ ചേരിചേരാരാഷ്ട്ര സമ്മേളനത്തിനു കഴിഞ്ഞെന്നുവരില്ല. അതേസമയം, ഇപ്പോഴത്തെ പ്രധാന അന്താരാഷ്ട്രീയ പ്രശ്നങ്ങളെ സംബന്ധിച്ച് ആദർശാധിഷ്ഠിതമായ ഒരു പൊതുനയം രൂപവൽക്കരിക്കാനും, നീതിക്കുവേണ്ടിയുള്ള സമരങ്ങൾക്കു ധാർമിക പിന്തുണ പ്രഖ്യാപിക്കാനും സമ്മേളനത്തിനു സാധിക്കും. പ്രത്യേകിച്ചും, കൊളോണിയലിസത്തിനും വർഗവാദത്തിനുമെതിരേ ദൃഢവും അചഞ്ചലവുമായ നിലപാടെടുക്കുന്നതിൽ ചേരിചേരാസമ്മേളനം ഇന്നോളം വിജയം വരിച്ചിട്ടുണ്ട്.

വിയററ്നാം, സോവ്യററ് യൂണിയൻ എന്നീ രാജ്യങ്ങളുമായി ഇന്ത്യ സൗഹാർദത്തിലാണ്. കമ്പൂച്ചിയയിൽ വിയററ്നാമീസ് സൈന്യവും അഫ്ഘാനിസ്ഥാനിൽ സോവ്യററ് സൈന്യവും നിലയുറപ്പിച്ചിട്ടുണ്ട്. ചൈന കമ്പൂച്ചിയയിൽ ഇടപെടുന്നതാണു തങ്ങൾ അങ്ങോട്ടു കടന്നതിനു കാരണമെന്ന് വിയററ്നാമും, അമേരിക്കയുടെ കുടതന്ത്രങ്ങളാണ് അഫ്ഘാനിസ്ഥാനിൽ തങ്ങളുടെ ഇടപെടൽ അനിവാര്യമാക്കിയതെന്ന് സോവ്യററ് യൂണിയനും പറയുന്നു. ചേരിചേരാ സമ്മേളനത്തിൽ ഈ രണ്ട് ഇടപെടലുകളും ശക്തമായ അഭിപ്രായ സംഘട്ടനങ്ങൾ സൃഷ്ടിച്ചേക്കാം. അദ്ധ്യക്ഷത വഹിക്കുന്ന രാഷ്ട്രമെന്ന നിലയിൽ ഇന്ത്യയുടെ നയതന്ത്ര കൗശലത്തെ അങ്ങേയററം പരീക്ഷിക്കുന്ന സന്ദർഭങ്ങൾ ഇതിൻഫലമായി ഉളവായിക്കൂടെന്നില്ല. സുഹൃദ്‌രാഷ്ട്രങ്ങളായ വിയററ്നാമിനെയോ, സോവ്യററ് യൂണിയനെയോ പിണക്കുന്ന ഒരു വാക്കും ഇന്ത്യൻ പ്രതിനിധികളിൽനിന്നു പുറത്തുവന്നുകൂടാ. അതേസമയം, അദ്ധ്യക്ഷസ്ഥാനത്തിരുന്ന് ഇന്ത്യ ഏതെങ്കിലും ഒരുപക്ഷം പിടിച്ചു വാദിക്കുന്നു എന്ന പരാതിയും ഉണ്ടായിക്കൂടാ. അമിതമായ സിദ്ധാന്തഭ്രമത്തിലേക്കു വഴുതിവീഴുകയും അരുത്. ഡൽഹി സമ്മേളനത്തിന്റെ വിജയം, വളരെ വലിയ അളവിൽ, ഇന്ത്യ നൽകുന്ന നേതൃത്വത്തെ ആശ്രയിച്ചിരിക്കും.

ചേരിചേരായ്മയെപ്പററി ചിന്തിക്കുമ്പോൾ ആദ്യം നമ്മുടെ മനസ്സിൽ ഊറിവരിക പഞ്ചതന്ത്രത്തിൽ വിവരിക്കുന്ന മേഷയുദ്ധത്തിലെ ജംബുകന്റെ കഥയാണ്. തുല്യബലമുള്ള രണ്ടു മുട്ടനാടുകൾ ഇടിക്കുന്നതു കണ്ട കുറുക്കൻ അവയുടെ നെററികളിൽനിന്ന് ഒഴുകുന്ന ചോര നക്കിക്കുടിക്കാൻ നടുവിൽ ചെന്നു നിലയുറപ്പിക്കുകയും, ഒടുവിൽ അശ്രദ്ധയുടെ ഒരു നിമിഷത്തിൽ, ഇരുവശത്തുനിന്നും ഒരേസമയം വന്ന ഇടികളേററു തല ചതഞ്ഞു ചാവുകയുംചെയ്തു. ചേരിചേരാ രാഷ്ട്രങ്ങളുടെ സ്ഥിതി തീർച്ചയായും ഈ കുറുക്കന്റേതല്ല. അമേരിക്കൻ—റഷ്യൻ ചേരികളുടെ സംഘർഷത്തിൽനിന്നു മുതലെടുക്കാനല്ല ചേരിചേരാ പ്രസ്ഥാനം ഉടലെടുത്തതു്; മറിച്ച് ആ സംഘർഷം ഒരു ലോകയുദ്ധമായി വളരാതെ നോക്കാനാണ്. ഇന്നും ചേരിചേരാപ്രസ്ഥാനം നിർവഹിക്കുന്ന കർത്തവ്യം സമാധാനമേഖലയെ വിപുലമാക്കുക എന്നതാണ്. ചേരിചേരാ പ്രസ്ഥാനത്തിന് അംഗങ്ങളായി ചേരുന്നതിനു കൂടുതൽ രാഷ്ട്രങ്ങളും സംഘടനകളും മുന്നോട്ടു വരുന്നു എന്ന വസ്തുതതന്നെ അതിന്റെ കാലികപ്രസക്തിക്കു തെളിവാകുന്നു. ലോകമെങ്ങുമുള്ള സമാധാനപ്രേമികൾക്കു ചേരിചേരാ രാഷ്ട്രസമ്മേളനത്തിന്റെ വിജയത്തിൽ അഗാധമായ താല്പര്യമുണ്ട്. ഡൽഹി സമ്മേളനം അവരെ നിരാശപ്പെടുത്താതിരിക്കട്ടെ.

ചേരിചേരാ രാഷ്ട്രങ്ങളുടെ ഏഴാമത്തെ ഉച്ചകോടിസമ്മേളനം 1983 മാർച്ച് 12—ാം തീയതി ഡൽഹിയിൽ വിജയകരമായി സമാപിച്ചു. ഇത്തവണ സമ്മേളനത്തിനു ലോകജനസംഖ്യയുടെ പകുതിയിലധികത്തെയും ഉൾക്കൊള്ളുന്ന നൂറെറാന്നു രാഷ്ട്രങ്ങളുടെ പ്രാതിനിധ്യമുണ്ടായിരുന്നു. കടുത്ത അഭിപ്രായസംഘട്ടനത്തിനു കളമൊരുക്കുന്ന പല പ്രശ്നങ്ങ

ളും ചർച്ചാവിഷയമായെങ്കിലും, സമ്മേളനത്തിന്റെ അവസാനം സർവസമ്മതമായി ചില പ്രഖ്യാപനങ്ങൾ പുറപ്പെടുവിക്കാൻ കഴിഞ്ഞതിലും, അക്രമത്തിന്റേതായ കാലാവസ്ഥ ലോകമെങ്ങും നിലനിൽക്കുമ്പോഴും സമ്മേളനത്തിൽ ഒരനിഷ്ടസംഭവവും ഉണ്ടാകാതിരുന്നതിലും, ആതിഥേയരാഷ്ട്രമായ ഇന്ത്യയ്ക്കു തികച്ചും അഭിമാനിക്കാൻ അവകാശമുണ്ട്. ഇന്ത്യയുടെ അന്താരാഷ്ട്രീയ പ്രശസ്തി ഉയർത്തുന്നതിന് ഈ സമ്മേളനം നൽകിയ സംഭാവന കുറച്ചൊന്നുമല്ല. പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ അതുല്യമായ നേതൃത്വക്കഴിവിന്റെ അത്ഭുതാവഹമായ ഒരു പ്രദർശനം കൂടിയായിരുന്നു ഈ സമ്മേളനം. തന്റെ പിതാവായ ജവാഹർലാൽ നെഹ്റുവിനു സമകാല ലോകനേതാക്കൾക്കിടയിലുണ്ടായിരുന്ന സമാദരണീയമായ സ്ഥാനം, ഈ സമ്മേളനത്തിന്റെ പരിസമാപ്തിയോടെ ഇപ്പോഴത്തെ ലോകനേതാക്കൾക്കിടയിൽ ഇന്ദിരാഗാന്ധി നേടിയെടുത്തു.

സമ്മേളനം ഏകകണ്ഠമായി അംഗീകരിച്ചതും സമ്മേളനാവസാനത്തിൽ പ്രസിദ്ധീകരിച്ചതുമായ 'സന്ദേശം' മനുഷ്യവർഗത്തെ ഇന്ന് അഭിമുഖീകരിക്കുന്ന പ്രമുഖ പ്രശ്നങ്ങൾ അപഗ്രഥിക്കുകയും അവയുടെ പരിഹാരം നിർദേശിക്കുകയും ചെയ്യുന്നുണ്ട്. ലോകത്തിലെങ്ങും വർധിച്ചുവരുന്ന അക്രമങ്ങളെയും അരക്ഷിതത്വത്തെയും സമ്മേളനം ആശങ്കയോടെ വീക്ഷിക്കുന്നു. രാഷ്ട്രങ്ങൾ തമ്മിലുള്ള സാമ്പത്തിക ബന്ധങ്ങളുടെ അടിസ്ഥാനം ഇപ്പോഴും അസമത്വവും വൻശക്തി മേധാവിത്വവും ചൂഷണവുമാകുന്നു. ആയുധപ്പന്തയത്തിന് ആക്കം കൂടിവരുന്നു. ദുർബല രാഷ്ട്രങ്ങൾ ഉയരാൻ ശ്രമിക്കുമ്പോൾ പ്രബലരാഷ്ട്രങ്ങൾ തടസ്സങ്ങൾ സൃഷ്ടിക്കുന്നു. പ്രാദേശിക കലഹങ്ങളിൽ വൻശക്തികൾ പക്ഷംപിടിക്കുന്നു. അണുയുദ്ധത്തിന്റെ അഗ്നിജ്വാലകൾ മനുഷ്യവർഗത്തെ മുഴുവൻ ഭീഷണിപ്പെടുത്തുന്നു.

സമാധാനം, സമാധാനപരമായ സഹവർത്തനം, സ്വാതന്ത്ര്യം, നിരായുധീകരണം, വികസനം എന്നിവയാണു നമ്മുടെ കാലഘട്ടത്തിന്റെ കേന്ദ്രപ്രശ്നങ്ങളെന്ന് സമ്മേളനം പ്രഖ്യാപിക്കുന്നു. നീതിയും സമത്വവുമായിരിക്കണം സമാധാനത്തിന്റെ അടിസ്ഥാനം. കോളനിവാഴ്ചയും സാമ്രാജ്യവാദവും സൃഷ്ടിച്ച അസഹ്യമായ അസമത്വവും ചൂഷണവും ഇന്നും നിലനിൽക്കുന്നുണ്ടെന്നും, സമകാല ലോകത്തിലെ പിരിമുറുക്കങ്ങൾക്കും, സംഘർഷങ്ങൾക്കും, അക്രമങ്ങൾക്കും മുഖ്യ കാരണങ്ങൾ അവയാണെന്നും സമ്മേളനം ചൂണ്ടിക്കാണിച്ചു.

ആയുധപ്പന്തയം നിർത്തിവയ്ക്കണമെന്ന് മഹാശക്തികളോട് (അമേരിക്കൻ ചേരിയോടും റഷ്യൻ ചേരിയോടും), സമ്മേളനത്തിൽ പങ്കെടുത്ത നൂറൊന്നു രാഷ്ട്രങ്ങളുടെ തലവന്മാർ അഭ്യർഥിച്ചു. ദുർലഭങ്ങളായ വിഭവങ്ങൾ വർധമാനമായ തോതിൽ ഈ ആയുധപ്പന്തയത്തിൽ ഹോമിക്കപ്പെടുന്നു. ഇതിൻഫലമായി ഭൂമിയിലെങ്ങും പരിസ്ഥിതിസന്തുലനം നഷ്ടപ്പെടുന്നു. പ്രശസ്തരായ ശാസ്ത്രജ്ഞന്മാരുടെ പ്രതിഭകൾ വിനാശകരവും വന്ധ്യവുമായ ആയുധനിർമാണപ്രയത്നത്തിൽ ചെലവഴിക്കപ്പെടുന്നു. ആയുധനിർമാണം നിറുത്തിവച്ച്, അതിനായി ഇന്നു ചെലവഴിക്കുന്ന വിഭവങ്ങളും പ്രതിഭകളും ദരിദ്രരാജ്യങ്ങളുടെ വികസനത്തിന് ഉപയോഗപ്പെടുത്താൻ സമ്മേളനം ധനികരാഷ്ട്രങ്ങളോട് ആവശ്യപ്പെട്ടു.

ഒരു അണുയുദ്ധമുണ്ടാകുന്ന പക്ഷം അത്, ഇന്നുള്ള ജനങ്ങളെ മാത്രമല്ല, വരാനിരിക്കുന്ന തലമുറകളെക്കൂടി മാരകമായി ബാധിക്കുന്നതായിരിക്കും. അതിനാൽ, അണുയുദ്ധം തടയുന്നതിനുള്ള പ്രായോഗിക നടപടികൾ ഉടൻ കൈക്കൊള്ളാൻ അണു–ആയുധ ശക്തികളോടു സമ്മേളനം ലോകത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളുടെ പ്രാതിനിധ്യം വഹിച്ചുകൊ

ണ്ട് അഭ്യർത്ഥിച്ചു. അണു നിരായുധീകരണത്തെ സംബന്ധിച്ചിടത്തോളം ഒരു നിർണായക വർഷമായിരിക്കും 1983. അണു–ആയുധങ്ങളുടെ പ്രയോഗവും, അവ പ്രയോഗിക്കുമെന്ന ഭീഷണിയും ഒരു അന്താരാഷ്ട്രീയ ഉടമ്പടിപ്രകാരം നിരോധിക്കണം. ഇനിമേൽ അണു–ആയുധങ്ങൾ നിർമ്മിക്കുകയോ, അവ പ്രയോഗിക്കാനായി അതാതിടങ്ങളിൽ വിന്യസിക്കുകയോ അരുത്. അണു–ആയുധ നിരോധം സംബന്ധിച്ച് ഇന്നുള്ള സന്ധികൾ വൻശക്തികൾ പാലിക്കുകയും, എല്ലാ ആയുധങ്ങളും പൂർണമായി നിരോധിക്കുന്നതിനു കൂടുതൽ ഫലപ്രദമായ കൂടിയാലോചനകൾ നടത്തുകയും വേണം. അണു–ആയുധ നിർമാണം പ്രത്യേകിച്ചും നിർത്തിവയ്ക്കണം; കളവായി അണു–ആയുധങ്ങൾ ഉണ്ടാക്കാതിരിക്കാൻ അന്താരാഷ്ട്രീയ മേൽനോട്ടം ഏർപ്പെടുത്തുകയും വേണം.

ഇപ്പോഴത്തെ ലോകസാമ്പത്തിക പ്രതിസന്ധിയും സമ്മേളനത്തിൽ ചർച്ചാവിഷയമായി. ഏതാനും ചില വ്യാവസായിക രാജ്യങ്ങളിലാരംഭിച്ച സാമ്പത്തികക്കുഴപ്പം ഇന്നു ലോകവ്യാപകമായിത്തീർന്നിരിക്കുന്നു. വ്യാവസായിക മാന്ദ്യത്തിനും തൊഴിലില്ലായ്മയ്ക്കും പ്രതിവിധിയായി സമ്പന്നരാജ്യങ്ങൾ അവയിലേക്കുള്ള ഇറക്കുമതികൾ നിരോധിക്കുന്നു. ഇതിൻഫലമായി ദരിദ്രരാജ്യങ്ങൾ കടത്തിൽ ആഴ്ന്നുപോകുന്നു. ദരിദ്രരാജ്യങ്ങൾ ഉല്പാദിപ്പിക്കുന്ന പ്രാഥമിക (കാർഷിക) വിഭവങ്ങളുടെ വില കുത്തനെ ഇടിയുന്നു; സമ്പന്നരാജ്യങ്ങൾ ഉല്പാദിപ്പിക്കുന്ന വ്യാവസായികോല്പന്നങ്ങളുടെ വില കുത്തനെ കയറുന്നു. ഇക്കാരണങ്ങളാൽ ദരിദ്രരാജ്യങ്ങൾ പാപ്പരായിക്കൊണ്ടിരിക്കുന്നു. സമ്പന്നരാജ്യങ്ങളുടെ സാമ്പത്തികാഭിവൃദ്ധി, മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്തവിധം, ദരിദ്രരാജ്യങ്ങളുടെ ഭാഗധേയത്തെ ഇക്കാലത്ത് ആശ്രയിക്കുന്നുമുണ്ട്. എന്നിട്ടും സമ്പന്നരാജ്യങ്ങൾ ഇന്ന്, 1920 കളിലെന്നപോലെ, ഉഭയരാഷ്ട്രാടിസ്ഥാനത്തിലുള്ള വ്യാവസായികക്കരാറുകൾ ഉണ്ടാക്കാനാണ് ഉദ്യമിക്കുന്നത്. ഭൂമദ്ധ്യരേഖയ്ക്കടുത്തും അതിന്റെ തെക്കുവശത്തുമായി കിടക്കുന്ന ദരിദ്രരാജ്യങ്ങൾ (ദക്ഷിണ രാജ്യങ്ങൾ) സാമ്പത്തികാഭിവൃദ്ധി നേടുംവരെ, സമ്പന്നങ്ങളായ ഭൂമദ്ധ്യരേഖോത്തരരാജ്യങ്ങൾക്കും സാമ്പത്തികാഭിവൃദ്ധി കൈവരുന്നതല്ല. അഖിലലോകാടിസ്ഥാനത്തിൽ മാത്രമേ ഇന്നത്തെ സാമ്പത്തികക്കുഴപ്പം പരിഹരിക്കാനാവൂ എന്നു സമ്മേളനം ധനിക(ഉത്തര)രാഷ്ട്രങ്ങളെ ഉദ്ബോധിപ്പിച്ചു.

ലോകസാമ്പത്തികാഭിവൃദ്ധിക്ക്, ഐക്യരാഷ്ട്രസമിതിയുടെയും മററും ആഭിമുഖ്യത്തിൽ ഇന്നുള്ള (ലോകബാങ്ക് തുടങ്ങിയ) സംവിധാനങ്ങൾ അപര്യാപ്തങ്ങളാണെന്നു തെളിഞ്ഞിരിക്കുന്നു. നീതിയിൽ അധിഷ്ഠിതമായ ഒരു അന്താരാഷ്ട്രീയ സാമ്പത്തികക്രമം നിലവിൽ വരുത്തുന്നതിന്, ആഗോളാടിസ്ഥാനത്തിൽ ചർച്ചകൾ ആരംഭിക്കാൻ ഇനി വൈകിച്ചുകൂടെന്നു സമ്മേളനം അഭിപ്രായപ്പെട്ടു.

അതേസമയം, ദരിദ്രരാജ്യങ്ങളുടെ സാമ്പത്തികോന്നമനത്തിനു വേണ്ടിയുള്ള അടിയന്തര നടപടികൾ ഇപ്പോൾത്തന്നെ തുടങ്ങേണ്ടിയിരിക്കുന്നു. വിദേശവ്യാപാരക്കമ്മിമൂലം പല ദരിദ്രരാജ്യങ്ങളിലും വികസനപ്രക്രിയ നിലച്ചുപോയിരിക്കുകയാണ്. ഭക്ഷ്യോല്പാദനം ഊർജോല്പാദനം എന്നിവ സംബന്ധിച്ച ദരിദ്രരാഷ്ട്രങ്ങളുടെ അടിസ്ഥാനാവശ്യങ്ങൾ നിറവേററണം. ദരിദ്രരാജ്യങ്ങളുടെ ചരക്കുകൾക്കു കമ്പോളം വേണം; ന്യായമായ വിലയും കിട്ടണം. ദരിദ്രരാജ്യങ്ങൾക്കനുകൂലമാകണം വ്യാപാരസംരക്ഷണം. പല ദരിദ്രരാജ്യങ്ങളും കടം കേറി മുടിയാററായിട്ടുണ്ട്. ഗുരുതരമായ ഈ പ്രശ്നത്തിനുമുണ്ടാവണം അടിയന്തര പരിഹാരം. അന്താരാഷ്ട്രീയ നാണയ–സാമ്പത്തിക കാര്യങ്ങൾ പുനസംരചിക്കുന്ന

തിനായി ലോകത്തിലെ എല്ലാ രാജ്യങ്ങളും ഉൾപ്പെടുന്ന ഒരു സമ്മേളനം ഉടൻ വിളിച്ചുകൂട്ടണമെന്ന ചേരിചേരാരാഷ്ട്രങ്ങൾ ആവശ്യപ്പെട്ടു.

വൻകിട രാജ്യങ്ങളുടെ പരസ്പര മത്സരങ്ങൾ ദരിദ്രരാജ്യങ്ങളെ ആപല്ക്കരമാംവിധം ബാധിക്കുന്നതിൽ ചേരിചേരാരാഷ്ട്രങ്ങളുടെ സമ്മേളനം ആശങ്ക പ്രകടിപ്പിച്ചു. ചെറു രാജ്യങ്ങളുടെമേൽ വൻകിട രാജ്യങ്ങൾ ചെലുത്തുന്ന രാഷ്ട്രീയവും സാമ്പത്തികവുമായ സമ്മർദങ്ങളെ തങ്ങൾ ചെറുക്കുമെന്ന സമ്മേളനം പ്രഖ്യാപിച്ചു.

അടിയന്തരപ്രാധാന്യമുള്ള ഏതാനും രാഷ്ട്രീയപ്രശ്നങ്ങളും സമ്മേളനത്തിന്റെ ശ്രദ്ധയിൽപ്പെട്ടു. സ്വന്തം മാതൃഭൂമിയിൽ ഒരു സ്വതന്ത്ര—പരമാധികാര രാഷ്ട്രം സ്ഥാപിക്കുന്നതിനുള്ള പാലസ്തീൻകാരുടെ മൗലികാവകാശത്തിനു സമ്മേളനം പിന്തുണ നൽകി. ഐക്യരാഷ്ട്രസമിതി ഒരു പ്രമേയത്തിലൂടെ ആവശ്യപ്പെട്ടിട്ടുള്ളതുപോലെ, ഇസ്രയേൽസേന ജറുശലത്തിൽനിന്നും ലെബനോണിൽനിന്നും മററ് അധിനിവിഷ്ട പ്രദേശങ്ങളിൽനിന്നും പിന്മാറണമെന്ന സമ്മേളനം ആവശ്യപ്പെട്ടു. ഐക്യരാഷ്ട്രസഭ നിർദേശിച്ചതുപോലെ ദക്ഷിണാഫ്രിക്ക നമീബിയയ്ക്കു സ്വാതന്ത്ര്യം നൽകണം. രാഷ്ട്രീയ കൂടിയാലോചനകളിലൂടെ മദ്ധ്യാമേരിക്കയിൽ സമാധാനം കൈവരുത്തണം. കമ്പൂച്ചിയയിലും അഫ്ഘാനിസ്ഥാനിലും ബന്ധപ്പെട്ട കക്ഷികൾ കൂടിയാലോചിച്ചു സമാധാനം പുനഃസ്ഥാപിക്കണം. ഇന്ത്യാസമുദ്രം ഒരു സമാധാനമേഖലയായി പ്രഖ്യാപിക്കണം. ദീഗോർഷ്യാ ദ്വീപിൽനിന്നു് അമേരിക്കൻ സൈന്യങ്ങൾ ഒഴിഞ്ഞുപോവുകയും വേണം. രാഷ്ട്രങ്ങൾ തമ്മിലുള്ള തർക്കങ്ങൾ സമാധാനത്തിന്റെയും നീതിയുടെയും സ്വാതന്ത്ര്യത്തിന്റെയും സമത്വത്തിന്റെയും അടിസ്ഥാനത്തിൽ കൂടിയാലോചിച്ചു പരിഹരിക്കണം.

ലോകത്തിന്റെ ഏതു ഭാഗത്തും മനുഷ്യർ അന്തസ്സോടെയും മാനമായും ജീവിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതു മനുഷ്യവർഗത്തിന്റെ പൊതുവായ ഉത്തരവാദിത്തമാണെന്ന സമ്മേളനം ഓർമപ്പെടുത്തി. ആഫ്രിക്കൻ ജനതകൾ സഹിക്കേണ്ടിവന്ന അക്രമങ്ങൾക്ക് അതിരില്ല. വർഗവിവേചനത്തിൽ വേരോടിയ വെള്ളക്കാരുടെ ന്യൂനപക്ഷഭരണത്തിനെതിരേ തെക്കേ ആഫ്രിക്കക്കാർ നടത്തുന്ന സമരത്തോടു സമ്മേളനം അനുഭാവം പ്രദർശിപ്പിച്ചു. ഈ സമരത്തിൽ ആഫ്രിക്കൻ ജനതയെ സഹായിക്കാൻ കഴിവുള്ള വൻ ശക്തികൾ തങ്ങളുടെ ചുമതല നിറവേററണമെന്നു് ഉദ്ബോധിപ്പിക്കുകയുംചെയ്തു.

ഈ പ്രശ്നങ്ങളിൽ ലോകശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും അവയുടെ പരിഹാരത്തിന് നിർദിഷ്ട മാർഗങ്ങളിലൂടെ പ്രയത്നിക്കുന്നതിനുംവേണ്ടി അടുത്തു നടക്കുന്ന ഐക്യരാഷ്ട്രസമിതിയുടെ ജനറൽ അസംബ്ലിയുടെ മുപ്പത്തെട്ടാം സമ്മേളനത്തിൽ ലോകത്തിലെ എല്ലാ രാഷ്ട്രത്തലവന്മാരും പങ്കെടുക്കണമെന്ന സമ്മേളനം നിർദേശിച്ചു.

ചരിത്രത്തിൽ അഭൂതപൂർവമായ ഒരു പ്രതിസന്ധിയാണു മനുഷ്യവർഗത്തിനു് ഇന്നു നേരിട്ടിരിക്കുന്നതെന്ന സമ്മേളനം ചൂണ്ടിക്കാണിച്ചു. വിവേകപൂർണമായ തീരുമാനങ്ങൾ എടുക്കുന്നതുവഴി മാത്രമേ മഹത്തായ കർത്തവ്യങ്ങൾ നിറവേററാനാവൂ. അന്യോന്യമുള്ള അവിശ്വാസം കൈവെടിയാനും, കൂടിയാലോചനകളിലൂടെ പ്രശ്നങ്ങൾ പരിഹരിച്ചു മുന്നേറാനും സമ്മേളനം വൻശക്തികളോട് അഭ്യർത്ഥിച്ചു; ഈ പരിശ്രമത്തിൽ ചേരിചേരാ രാഷ്ട്രങ്ങളുടെ പരിപൂർണ പിന്തുണയുണ്ടാവുമെന്നു് ഉറപ്പിച്ചു പറയുകയുംചെയ്തു.

ചേരിചേരാ രാജ്യങ്ങൾ അന്യോന്യം സഹായിക്കേണ്ടതിന്റെ ആവശ്യകതയും സമ്മേളനം അടിവരയിട്ടു കാണിച്ചു. 'സാമൂഹികമായ സ്വയംപര്യാപ്തത' എന്ന ലക്ഷ്യം ദരിദ്രരാജ്യങ്ങൾ നേടുകതന്നെ

വേണം. സമത്വം, നീതി, പാരസ്പര്യം, അന്യോന്യാദരം എന്നീ തത്വങ്ങളുടെ അടിസ്ഥാനത്തിൽ ദരിദ്രരാജ്യങ്ങൾ സാമ്പത്തികവികസനത്തിനു തമ്മിൽത്തമ്മിൽ സഹായിക്കണം. ഇതിനായി ദരിദ്രരാജ്യങ്ങൾ തങ്ങളുടെ വിഭവങ്ങളെയും നൈപുണ്യങ്ങളെയും സാങ്കേതികവിദ്യകളെയും വികസനതന്ത്രങ്ങളെയും സ്വന്തം സാമൂഹ്യ–സാമ്പത്തിക യാഥാർത്ഥ്യങ്ങൾക്കനുസൃതമായി പരമാവധി പ്രയോജനപ്പെടുത്തണം. ചേരിചേരാ രാഷ്ട്രങ്ങൾ തമ്മിൽത്തമ്മിൽ സഹകരിക്കുന്നതിന് ഇന്നുള്ള ഏർപ്പാടുകൾ അങ്ങേയററം ഉപയോഗപ്പെടുത്തുകയും ആവശ്യമെങ്കിൽ പുതിയ ഏർപ്പാടുകളുണ്ടാക്കുകയും വേണം. ചേരിചേരാ രാജ്യങ്ങൾ ശക്തിപ്പെടുത്തുന്നതിന് അവ തമ്മിൽത്തമ്മിലുള്ള സഹകരണം അത്യന്താപേക്ഷിതമാണെന്നു സമ്മേളനം ഊന്നിപ്പറഞ്ഞു.

രണ്ടു പ്രശ്നങ്ങളിൽ സർവസമ്മതമായ തീരുമാനമെടുക്കുന്നതിനു സമ്മേളനത്തിനു കഴിഞ്ഞില്ല. ചേരിചേരാരാജ്യങ്ങളായ ഇറാനും ഇറാക്കും തമ്മിൽ കഴിഞ്ഞ മുപ്പതു മാസങ്ങളായി നടന്നുവരുന്ന ദുഃഖകരമായ യുദ്ധം അവസാനിപ്പിക്കുകയെന്ന പ്രശ്നമാണ് ഇതിലാദ്യത്തേതു്. യുദ്ധവിരാമത്തിന് ഇറാക്ക് തയ്യാറായി എങ്കിലും, നടപ്പിലാക്കാൻ കഴിയാത്ത നിബന്ധനകൾ ഉന്നയിച്ച് ഇറാൻ പ്രശ്നപരിഹാരത്തിനു തടസ്സം സൃഷ്ടിക്കുകയാണുചെയ്തതു്. അവസാനം, ചേരിചേരാസമ്മേളനത്തിന്റെ അദ്ധ്യക്ഷയെന്ന നിലയിൽ ശ്രീമതി ഇന്ദിരാഗാന്ധി ഈ രണ്ടു രാജ്യങ്ങളോടുമായി യുദ്ധം ഉടനെ അവസാനിപ്പിക്കണമെന്നും, കൂടിയാലോചനകളിലൂടെയും സമാധാനപരമായ മാർഗങ്ങളിലൂടെയും മാന്യവും നീതിനിഷ്ഠവും ശാശ്വതവുമായ സമാധാനം സ്ഥാപിക്കണമെന്നും അഭ്യർത്ഥിക്കണമെന്നു തീരുമാനിക്കപ്പെട്ടു. മൂന്നു വർഷം കഴിഞ്ഞു് 1986–ൽ നടക്കേണ്ട എട്ടാം ഉച്ചകോടി സമ്മേളനം എവിടെ ചേരണമെന്നതാണു പരിഹരിക്കാൻ കഴിയാതിരുന്ന രണ്ടാമത്തെ പ്രശ്നം. 1985–ൽ ചേരുന്ന ചേരിചേരാ രാഷ്ട്രങ്ങളിലെ വിദേശമന്ത്രിമാരുടെ സമ്മേളനത്തിന്റെ തീരുമാനത്തിന് ഈ പ്രശ്നം നീട്ടിവയ്ക്കുകയാണുണ്ടായതു്.

ഏഴാം ചേരിചേരാരാഷ്ട്ര സമ്മേളനം എന്തുനേടി? അഭിപ്രായസംഘട്ടനത്തിനു കളമൊരുക്കുന്ന പ്രശ്നങ്ങൾ ഒട്ടുവളരെയുണ്ടായിരുന്നിട്ടും, അവസാനം സർവസമ്മതമായ ചില പ്രസ്താവനകൾ പുറത്തിറക്കാൻ കഴിഞ്ഞു എന്നതുതന്നെ ഇത്തരമൊരു സമ്മേളനത്തെ സംബന്ധിച്ചിടത്തോളം, വളരെ വലിയ നേട്ടമാണ്. സമ്മേളനാവസാനത്തിൽ അദ്ധ്യക്ഷപീഠത്തിൽനിന്നു ശ്രീമതി ഇന്ദിരാഗാന്ധി പ്രസ്താവിച്ചപോലെ, സമ്മേളനത്തിൽ പങ്കെടുക്കുന്ന നൂറെറാന്നു രാഷ്ട്രങ്ങൾ പല കാര്യങ്ങളിലും പരസ്പരം യോജിക്കുന്നില്ലായിരിക്കാം. എങ്കിലും, തങ്ങൾക്കിടയിൽ ഐക്യം നിലനിർത്തണമെന്നും, രാഷ്ട്രങ്ങൾക്കിടയിൽ സമാധാനത്തിനും സമത്വത്തിനും വികസനത്തിനുംവേണ്ടി ഒത്തൊരുമിച്ച് അദ്ധ്വാനിക്കണമെന്നുമുള്ള കാര്യത്തിൽ അവ യോജിക്കുന്നുണ്ട്. സമ്മേളനത്തിന്റെ തിരക്കുപിടിച്ച അഞ്ചു ദിവസങ്ങൾ ഈ രാജ്യങ്ങളുടെ തലവന്മാർക്കിടയിൽ സൗഹാർദത്തെയും ഐകമത്യത്തെയും ശക്തിപ്പെടുത്തുകയും, അവരുടെ പരസ്പരവിശ്വാസത്തെയും ഭാവിയിലുള്ള പ്രതീക്ഷയെയും ഉദ്ദീപിപ്പിക്കുകയുംചെയ്തിരിക്കുന്നു.

ഇനിയങ്ങോട്ടു തങ്ങളുടെ മുമ്പിലുള്ള പ്രവൃത്തിപരിപാടിയെ ശ്രീമതി ഇന്ദിരാഗാന്ധി ഒരു പർവതാരോഹണ പരിശ്രമത്തോടു് ഉപമിച്ചു. പർവതത്തിന്റെ താഴ്‌വരയിൽ ഒരു താവളം സ്ഥാപിക്കുന്ന പ്രവൃത്തിയേ ഇപ്പോൾ നടന്നുകഴിഞ്ഞിട്ടുള്ളു. ദുർഘടമായ മലകയററം ഇനി വരാനിരിക്കുന്നതേയുള്ളു. ഒരൊററ ടീമാണു തങ്ങളെന്ന ബോധ്യത്തോടെ ചേരിചേരായ്മയുടെ ലക്ഷ്യങ്ങൾ നേടുന്നതിനു കഠിനാധ്വാനം

മേലിൽ ചേരിചേരാ രാഷ്ട്രത്തലവന്മാർ കൂട്ടായി നടത്തേണ്ടിയിരിക്കുന്നു. 'ഇനി താങ്കൾ ആണു ഞങ്ങളുടെ നേതാവ്'' എന്നു പറഞ്ഞ യാസർ അരാഫത്തിനോട് 'നേതാവായിരിക്കുന്നതല്ല, നമ്മുടെ മഹത്തായ കർത്തവ്യം നിറവേററുന്നതിൽ നാമെല്ലാം സഹോദരന്മാരും സഹോദരിമാരും സഖാക്കളുമായിരിക്കുന്നതാണ്, ഞാനിഷ്ടപ്പെടുക' എന്ന് ഇന്ദിരാഗാന്ധി പറയുകയുണ്ടായി. ഇതേ മനോഭാവം ചേരിചേരാ രാഷ്ട്രത്തലവന്മാർക്കിടയിൽ യഥാർത്ഥത്തിൽ നിലനില്ക്കുമെങ്കിൽ, തങ്ങളുടെ രാജ്യങ്ങളുടെ വികസനപ്രശ്നങ്ങൾ പരിഹരിക്കുന്നതിനു മാത്രമല്ല, പരിഹാരം കാണാൻ പററാത്തവയെന്നു കരുതപ്പെടുന്ന ലോകപ്രശ്നങ്ങൾക്കു പരിഹാരമുണ്ടാക്കുന്നതിൽ ഗണ്യമായ സഹായം നല്കുന്നതിനുകൂടി അവക്കു സാധിക്കുന്നതായിരിക്കും. കാരണം, ലോക പൊതുജനാഭിപ്രായം, ലോകമനസ്സാക്ഷി എന്നെല്ലാം വിളിക്കപ്പെടുന്നതു് ചേരിചേരാ രാഷ്ട്രങ്ങളുടെ പൊതുവായ അഭിപ്രായമല്ലാതെ മറെറാന്നുമല്ല എന്ന നില ഇതിനകം വന്നുകഴിഞ്ഞിട്ടുണ്ടു്. ലോക പൊതുജനാഭിപ്രായത്തെ ദീർഘകാലം പാടെ ധിക്കരിക്കുക, ജനാധിപത്യസമ്പ്രദായം പിൻതുടരുന്ന വൻശക്തികൾക്കു് അസാദ്ധ്യമായിരിക്കും.

(13 മാർച്ച്, 1983)

# 26. കോമൺവെൽത്ത് സമ്മേളനം

ഏഷ്യാഡ്, ചേരിചേരാ രാഷ്ട്രസമ്മേളനം എന്നിവയ്ക്കുശേഷം മറെറാരു അന്താരാഷ്ട്രീയസമ്മേളനംകൂടി ഇന്ത്യയിൽ നടന്നു. നവംബർ 23 മുതൽ ഒരാഴ്ച ഡൽഹിയിൽ ചേർന്ന കോമൺവെൽത്ത് രാഷ്ട്രത്തലവന്മാരുടെ സമ്മേളനം ആണിതു്.

ബ്രിട്ടൻ സാമ്രാജ്യശക്തിയായി വളർന്നുതുടങ്ങിയതു പതിനാറാം നൂററാണ്ടിലാണ്. ക്രമേണ, ഭൂമിയുടെ എല്ലാ ഭാഗങ്ങളിലുമായി സൂര്യനസ്തമിക്കാത്ത ഒരു സാമ്രാജ്യം ബ്രിട്ടീഷ് കിരീടത്തിനു കീഴിൽ നിലവിൽ വന്നു. ബ്രിട്ടീഷ് നാവികപ്പട കടൽത്തിരകളെ ഭരിക്കുവാൻ തുടങ്ങുകയുംചെയ്തു. എന്നാൽ, സാമ്രാജ്യത്തിന്റെ കീഴിലുള്ള എല്ലാ പ്രദേശങ്ങൾക്കും എന്നും ഒരേ പദവിയായിരുന്നില്ല. വെള്ളക്കാരായ കുടിയേററക്കാരുടെ നാടായ കാനഡ 1867—ൽ സ്വയംഭരണമുള്ള 'ഡൊമീനിയൻ' ആയി. ഓസ്ട്രേലിയ, ന്യൂസിലൻഡ്, തെക്കേ ആഫ്രിക്ക എന്നിവയ്ക്കും ഡൊമീനിയൻ പദവി പിന്നീടു കൈവന്നു. സ്വതന്ത്രങ്ങളായിത്തീർന്ന ഈ കോളനികൾ ബ്രിട്ടീഷ് പാർലമെൻറിന്റെ തീരുമാനങ്ങൾക്കു വിധേയങ്ങളായിരുന്നില്ല. അവയെക്കൂടി ഉൾക്കൊള്ളുന്നതിന് 1926—ൽ ബ്രിട്ടീഷ്സാമ്രാജ്യത്തിനു കീഴിലുള്ളവയും, തുല്യ അന്തസ്സുള്ളവയും സ്വയംഭരണമുള്ളവയും, ആഭ്യന്തരകാര്യങ്ങളിലോ വിദേശകാര്യങ്ങളിലോ, ഒന്നു മറെറാന്നിനു കീഴ്പ്പെടാത്തവയും, അതേസമയം ബ്രിട്ടീഷ് രാജകിരീടത്തോടുള്ള കൂറിനാൽ ഏകീകരിക്കപ്പെട്ടവയും, ആയ ജനവിഭാഗങ്ങളുടെ സ്വേച്ഛയാ രൂപവല്ക്കരിക്കപ്പെട്ട ഒരു സംഘടന എന്ന നിലയിൽ 'ബ്രിട്ടീഷ് കോമൺവെൽത്ത്'' രൂപവല്ക്കരിച്ചു. ഏതെങ്കിലും അധികാരപത്രത്തിന്റെയോ സന്ധിയുടെയോ പിൻബലം ഈ സംഘടനയ്ക്ക് ഉണ്ടായിരുന്നില്ല. കോമൺവെൽത്തിന് ഒരു ഭരണഘടനയുമില്ല. അതിനൊരു സെക്രട്ടേറിയററ്തന്നെ ഉണ്ടായതു് 1965—ൽ മാത്രമാണ്.

ഇന്ത്യ സ്വാതന്ത്ര്യം നേടിയപ്പോൾ കോമൺവെൽത്തിന്റെ രൂപ